LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ ജില്ലയിൽ സീറോ ലാന്റ്‌ലെസ് പദ്ധതി

138 (1181) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ സീറോ ലാന്റ് ലെസ് പദ്ധതി പ്രകാരം ഭൂമി നൽകുന്നതിന് എത്ര ഏക്കർ സ്ഥലം കണ്ടെത്തിയിട്ടുണ്ട്; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിൽ എത്ര പേർക്ക് ഭൂമി നൽകി എന്ന് താലൂക്ക് തിരിച്ച് പേരും മേൽവിലാസവും സഹിതം വ്യക്തമാക്കാമോ;

(സി) എത്ര കുടുംബങ്ങൾ പ്രസ്തുത ഭൂമിയിൽ താമസിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം ഭൂമി ലഭിക്കുന്നത്തിന് എത്രപേർ ആലപ്പുഴ ജില്ലയിൽ അപേക്ഷ സമർപ്പിച്ചിരുന്നു; വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

ലാന്റ് അക്വിസിഷൻ

139 (1182) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതു ആവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്നതിന് ഇപ്പോൾ സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് കുറ്റ്യാടി മണ്ഡലത്തിലെ ഏതൊക്കെ പദ്ധതികളുടെ ഫയലുകളാണ് റവന്യൂ വകുപ്പിൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ലഭിച്ചതെന്നും അവയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1-1-2014 മുതൽ കേന്ദ്ര സർക്കാർ പാസ്സാക്കിയ The Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act 2013 നിലവിൽവന്നു. ടി ആക്ടിലെ ചട്ടങ്ങൾക്ക് രൂപം നൽകി

വരികയാണ്. 1894-ലെ ഭൂമി പൊന്നുംവില നിയമപ്രകാരം 1-1-2014-ന മുമ്പ് വിജ്ഞാപനം പ്രസിദ്ധീകരിച്ച പൊന്നുംവില കേസുകളിൽ തുടർ നടപടികൾ കാലഹരണപ്പെടാതിരിക്കുന്നതിന് പ്രഖ്യാപനം, ഭൂമി വില നിശ്ചയിക്കൽ നടപടികൾ സ്വീകരിച്ചുവരുന്നു. നഷ്ടപരിഹാരവും പുനരധിവാസ പാക്കേജും പുതിയ ആക്ട് പ്രകാരം നിശ്ചയിച്ച് തുടർ നടപടി സ്വീകരിക്കുവാൻ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ അതിൻപ്രകാരമുള്ള നടപടികളും തുടർന്നുവരുന്നു.

(ബി) 1. കറ്റ്യാടി മണ്ഡലത്തിലെ വേളം കോക്കനട്ട് വ്യവസായ പാർക്കിനുവേണ്ടി 46.5944 ഹെക്ടർ സ്ഥലം ഏറ്റെടുത്ത് അർത്ഥനാധികാരിയായ കെ.എസ്.ഐ.ഡി.സി.-ക്ക് 15-2-2012-ന് കൈമാറിയിട്ടുണ്ട്.

2. കറ്റ്യാടി ബൈപ്പാസ് നിർമ്മാണത്തിനായി കോഴിക്കോട് ജില്ലയിൽ വടകര താലൂക്കിൽ കറ്റ്യാടി, കായക്കൊടി വില്ലേജുകളിലുള്ള 3.2997 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ശിപാർശ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ നിന്നുള്ള ഇളവുകൾ നേടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് റോഡ്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്.

വ്യവസായ സംരംഭങ്ങൾക്ക് ഭൂപരിധി നിയമത്തിൽ ഇളവ്

140 (1183) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വ്യവസായ സംരംഭങ്ങൾക്ക് ഭൂപരിധി നിയമത്തിൽ ഇളവ് നൽകാനുള്ള സർക്കാർ തീരുമാനത്തിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

ഉത്തരം

കൂടുതൽ പേർക്ക് തൊഴിൽ നൽകുവാൻ ഉതകുന്ന തരത്തിലുള്ള വ്യവസായ സംരംഭങ്ങൾക്ക് ഭൂപരിധി നിയമത്തിൽ ഇളവ് നൽകുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly